"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – പ്ലാനിംഗ് വിഭാഗം – ജീവനക്കാര്യം – ടൗൺ പ്ലാനർ തസ്തികയിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1880/2026/LSGD തീയതി,തിരുവനന്തപുരം, 06-10-2026

---

പരാമർശം:- 1. സ.ഉ.(പി) നം.27/2021/ധന തീയതി 10.02.2021.

2. സ.ഉ.(അച്ചടി) നം.5/2023/LSGD തീയതി 04.01.2023.

3. സ.ഉ.(സാധാ) നം.1575/2025/LSGD തീയതി 24.06.2025.

4. സ.ഉ.(എം.എസ്) നം.83/2025/LSGD തീയതി 20.05.2025.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.08.2026 തീയതിയിലെ LSGD/PD/13796/2024-DEH3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ ടൗൺ പ്ലാനർ തസ്തികയുടെ 25% തസ്തികകൾ ക്ക് ₹1,07,800–1,60,000 ശമ്പള സ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . ഇതിൻപ്രകാരം അർഹതപ്പെട്ട ടൗൺ പ്ലാനർമാർക്ക് ഹയർ ഗ്രേഡ് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന ചുവടെപ്പറയുന്ന ആറ് ടൗൺ പ്ലാനർമാർക്ക് അവരുടെ പേരിനുനേരെ രേഖപ്പെടുത്തിയിട്ടുള്ള തീയതി പ്രാബല്യത്തിൽ ₹1,07,800–1,60,000 ശമ്പള സ്കെയിലിൽ , ആകെ ടൗൺ പ്ലാനർ തസ്തികകളുടെ 25% എന്ന പരിധിയിൽ ഹയർ ഗ്രേഡ് അനുവദിച്ചവരുടെ എണ്ണം അധികരിക്കരുതെന്ന വ്യവസ്ഥയ്ക്കും, കേരള സർവീസ് റൂൾസ്, ഭാഗം I, ചട്ടം 23(ഡി) പ്രകാരം ഹയർ ഗ്രേഡ്

അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ തീയതി മുതൽ പരമാവധി ഒരു വർഷം മുൻപുവരെയുള്ള കാലയളവിൽ മാത്രമേ സാമ്പത്തികാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയ്ക്കും വിധേയമായി റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, പെൻ | റേഷ്യോ അധിഷ്ഠിത ഹയർ ഗ്രേഡിന് അർഹമായ തീയതി |
|---|---|---|
| 1. | ആർ. പ്രദീപ് 591574 | 31.01.2025 |
| 2. | റിനി ചന്ദ്ര എസ്. 601022 | 22.05.2025 |
| 3. | മിറ്റ്സി തോമസ് 601036 | 31.08.2025 |
| 4. | ആതിര രവി 607304 | 31.08.2025 |
| 5. | ലീലിറ്റി തോമസ് 637540 | 31.08.2025 |
| 6. | ഫമിദ യൂസഫ് 686014 | 31.08.2025 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട ജീവനക്കാർക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Keerthi I P
Date: 06-10-2026
15:59:12

സെക്ഷൻ ഓഫീസർ